LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം ഡി.റ്റി.പി.സി. സെക്രട്ടറിക്കെതിരായ കേസുകൾ

232 (2446) ശ്രീ. ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ഡി.റ്റി.പി.സി. സെക്രട്ടറിയുടെ അന്യത്രസേവന കാലാവധി അവസാനിച്ചശേഷവും പ്രസ്തുത സ്ഥാനത്ത് തുടരുന്നതിന് കാരണ മെന്താണെന്ന് വ്യക്തമാക്കാമോ ; പ്രസ്തുത സെക്രട്ടറിക്കെതിരെ എത്ര കേസുകളിന്മേൽ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം പരാതികളിന്മേലാണ് അന്വേഷണം നടക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഡി.റ്റി.പി.സി. സെക്രട്ടറി സ്ഥാനത്തുനിന്നും വിടുതൽ ചെയ്യണമെന്ന് കാണിച്ച് തിരുവനന്തപുരം ഡി.റ്റി.പി.സി. സെക്രട്ടറി ടൂറിസം ഡയറക്ടർ മുഖേന സമർപ്പിച്ച അപേക്ഷ പരിശോധിച്ചുവരുന്നു. ഡി.റ്റി.പി.സി. സെക്രട്ടറിക്കെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മീൻപിടിപ്പാറ, പൊങ്ങൻപാറ ടൂറിസം പദ്ധതി

233 (2447) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മേജർ ഇറിഗേഷൻവഴി നിർവ്വഹണം നടത്തുന്നതും കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്നതുമായ മീൻപിടിപ്പാറ, പൊങ്ങൻപാറ ടൂറിസം പദ്ധതികളുടെ ടെണ്ടർ നടപടികൾ നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ അടിയന്തരമായി പൂർത്തീകരിച്ച് പ്രവൃത്തികൾ ആരംഭിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും?

ഉത്തരം

(എ&ബി) ഉണ്ട്. കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട മീൻപിടിപ്പാറ, പൊങ്ങൻപാറ ടൂറിസം പദ്ധതികളുടെ ടെണ്ടർ നടപടികൾ ദക്ഷിണമേഖല ജലസേചന വകുപ്പ് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നടന്നുവരികയാണ്. മീൻപിടിപ്പാറ പദ്ധതി രണ്ടുപ്രാവശ്യം ടെണ്ടർ ചെയ്തിട്ടും കരാറുകാർ ആരുംതന്നെ ഏറ്റെടുക്കാൻ തയ്യാറായിട്ടില്ല. തുടർന്നുള്ള ദർഘാസുകളിലും കരാറുകാർ പങ്കെടുക്കാതെ വന്നാൽ പ്രസ്തുത പ്രവൃത്തികൾ ക്വട്ടേഷൻ വിളിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

അഷ്ടമുടിക്കായൽ ടൂറിസം വികസനത്തിന് മാസ്റ്റർ പ്ലാൻ

234 (2448) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി -പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഷ്ടമുടിക്കായൽ ടൂറിസം വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ഏത് ഏജൻസിയെയാണ് തെരഞ്ഞെടുത്തത് എന്നറിയിക്കാമോ ;

(ബി) പ്രസ്തുത ഏജൻസി മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(സി) മാസ്റ്റർ പ്ലാനിൽ ഏതെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ ;

(ഡി) ഏജൻസിയെ തെരഞ്ഞെടുത്തിട്ടില്ലെങ്കിൽ കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം വിശദമാക്കുമോ ?

ഉത്തരം

(എ-ഡി) ന്യൂഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഐ.എൽ. & എഫ്.എസ്. എന്ന ഏജൻസിയെയാണ് അഷ്ടമുടി മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ തെരഞ്ഞെടുത്തിരിക്കുന്നത്. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരികയാണ്. ആയത് പൂർത്തിയായതിനുശേഷമേ അതിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly